

little
KITEs
PULSE
ST:THOMAS HS
THUMPOLY


# എഡിറ്റോറിയൽ ബോർഡ്

- ചീഫ് എഡിറ്റർ: വിഷ്ണു റ്റി പ്രശാന്ത്.
- സബ് എഡിറ്റർ: അനാമിക എം.ജെ
- അംഗങ്ങൾ: ജോൺ പീറ്റർ റെനോൾഡ്
- മേരി റീമ
- ലിയാ മോൾ സ്റ്റാൻലിൻ
- അലീന മാർട്ടിൻ
- ഷിനു മേരി
- ആര്യൻ എം.ജെ
- ആദിത്യൻ എം.ടി

# ആശംസ



തുമ്പോളി സെന്റ് തോമസ്
ഹൈസ്ക്കൂൾ
ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ
ഡിജിറ്റൽ മാഗസിൻ "PULSE"
കുട്ടികളുടെ സർഗ്ഗവാസനകളുടെ
മാറ്റുരയ്ക്കൽ ആണ്
ഡിജിറ്റൽ സങ്കേതങ്ങളുടെ സഹായത്തോടെ
അണിയിച്ചൊരുക്കിയ
മാഗസിന്
എല്ലാ ആശംസകളും നേരുന്നു



# ആശംസ

കുട്ടികളുടെ സർഗ്ഗവാസനകൾ
പരിപോഷിപ്പിക്കാൻ സഹായിക്കുന്ന ഈ
മാഗസിന്റെ പിന്നിൽ പ്രവർത്തിക്കുകയും
അതിനുവേണ്ടുന്ന കഥ, കവിത, ലേഖനങ്ങൾ,
ചിത്രങ്ങൾ എന്നിവയെല്ലാം തന്ന് ഈ മാഗസിൻ
ഇത്ര മനോഹരമാകാൻ സഹായിച്ച
എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ
ആശംസകൾ നേരുന്നു

സ്നേഹം പൂർവ്വം

ചീഫ് എഡിറ്റർ.
Vishnu T Prasanth
Class.9A

# ആശംസ



കുട്ടികളിൽ അന്തർലീനമായിരിക്കുന്ന
സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുവാനും
ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ
അനന്തവിഹായസ്സിലേയ്ക്കു കുട്ടികളെ
കൈപിടിച്ചുയർത്തുവാനും സഹായിക്കുന്ന പൾസ് ....
ഒരു നല്ല തുടക്കമാകട്ടെ എന്നാശംസിക്കുന്നു.
ഡിജിറ്റൽ മാഗസിനിൽ പങ്കാളികളായ
പ്രതിഭകൾക്ക് ആശംസകളും അഭിനന്ദനങ്ങളും
നേരുന്നു.

സ്നേഹപൂർവ്വം

അർച്ചന ടീച്ചർ

# വികൃതിയായ സുകൃതം

തിരക്കുകൾ ഏറെ ഉണ്ടായിരുന്നു എങ്കിലും മനുവിന്റെ മുഖം ഓർമവന്നപ്പോൾ മറ്റൊന്നും ചിന്തിച്ചില്ല. വൈകുന്നേരം അവന്റെ ചിരി കാണുമ്പോൾ എന്തൊരു ആശ്വാസമാണ്. അവന്റെ സ്കൂളിൽ ഇന്ന് ക്ലാസ്സ് PTA ആണ്. അമ്മ നിർബന്ധമായും വരണമെന്ന് അവൻ നേരത്തെ പറഞ്ഞിരുന്നതാണ്. പോകാതിരുന്നെങ്കിൽ അതൊരു വലിയ നഷ്ടമായേനെ. അവൻ എപ്പോഴും പറയാറുള്ള കൂട്ടുകാരനാണ് വിഷ്ണു. കൂട്ടുകാരൻ എന്ന് പറഞ്ഞാൽ വികൃതിയും ചട്ടമ്പിയും ആയവൻ. അവനെയും അവന്റെ മാതാപിതാക്കളെയും ഒന്ന് കാണണമെന്ന്കരുതിയിരിക്കുകയായിരുന്നു ഞാൻ. ക്ലാസ് PTA യിൽ കുട്ടികളുടെ കഥകളും പാട്ടുകളും ഒക്കെ ഉണ്ടായിരുന്നു. ആത്മകഥയാണ് വിഷ്ണു അവതരിപ്പിച്ചത്. അത് കേട്ടപ്പോൾ എല്ലാവരുടെയും കണ്ണുകൾ ഈറൻ അണിഞ്ഞു. അച്ഛനും അമ്മയും ഉപേക്ഷിക്കപ്പെട്ട കുട്ടിയാണവൻ മുത്തശ്ശിയാണ് അവനെ വളർത്തുന്നത്. മുത്തശ്ശിയെ സഹായിക്കാനായി വീട്ടുജോലികൾ ഒക്കെ ചെയ്തു തീർത്തിട്ടാണ് അവൻ അവൻ സ്കൂളിൽ എത്തുന്നത്. ചിരിക്കുന്നതും കളിക്കുന്നതും പിണങ്ങുന്നത് ഒക്കെ ആ സ്കൂളിൽ എത്തുമ്പോൾ മാത്രമാണ്. അവൻ വികൃതിയല്ല സുകൃതമാണ് എന്ന് എനിക്ക് തോന്നിയ ദിനം.

SOFIA GEORGE
(TEACHER)



# എന്റെ കവിത

ഓടിത്തുടങ്ങുന്ന കാലം മുതലിനി.....

നിന്നെയും ഓർത്തു ഞാൻ കാത്തിരിക്കാം...

നിന്നെ കാണുമ്പോൾ എൻ മുഖം എപ്പോഴും

ആഹ്ലാദം ഓർത്തിരിക്കുന്നു താനും....

നിന്റെ ഈ പുഞ്ചിരി കാണുവാൻ വേണ്ടി

നിത്യവും മുൻപിലെത്തിടുമ്പോൾ...

നിന്റെ കൊലുസിന്റെ ശബ്ദങ്ങളിൽ

ഞാൻ താനെ മറന്നൊന്നു നിന്നിടുന്നു......

ഒന്നുമറിയാതെ പറയാതെ  പോയിടുന്നു...

ജോസ്ന (9 ബി)

# MY DREAM

My dream is to fly high
Fly like a bird  In sky
Fly free without worries
To falls like the flurries

To see the world by my eyes
To feel it every emotion wise
To see people of all walks
To make a label by talks

To see the lush meadows of grass
And walk on the green mat
To feel verdant leaves of trees
And to sense the cold breeze

It is my dream to travel around
See across the oceans and hills
To fly as high as the stars in sky
It is my fantasy dream.. My dream

**Ananda Antony (10 A)**

# മാറ്റം

കോവിഡാനന്തരം
മാറിയതെന്തെല്ലാം

സൗഹൃദം വഴി മാറി
ചാറ്റിങ് മാത്രമായി

പുസ്തകം വേണ്ടിനി
പരീക്ഷയും പേരിന്

ശീലിച്ച കാര്യങ്ങളൊക്കെ
മാറ്റിച്ചു.

മാറിയതൊക്കെ തിരിച്ചു
പിടിക്കുവാൻ ശ്രമിക്കുന്ന


അധ്യാപകർ
മാതാപിതാക്കൾക്കൊപ്പം

ആവുന്നില്ല ഒപ്പം
ഓടി എത്തിയിടുവാൻ

നെറ്റിന്റെ വേഗത അത്രമാത്രം

**ALONA JOSEPH (STD 8A)**





**PENCILSKETCHES**ANGEL MARIYA (8B)

# "HARD WORK IS THE KEY TO SUCCESS"

In a faraway village, lives a hard-working farmer who has grape fields. Year after year his grapery give rich harvest and the farmer became very successful.

He has three sons who are young and energetic but never go to work. As the farmer grows old, he begins to worry about his son's future.

Then he falls ill and realises his death is fast approaching. He called his sons and told them,"dear sons, I see my death near me, but before I bid good bye to you, I want to share a secret. He told them,"there is a treasure hidden under the fields .Dig the entire field after my death, to find it."

The old farmer dies, and his sons perform the last rites.The son began to dig for the treasure without leaving any part of the field, but found nothing.

However the digging of the field leads to the cultivation of a healthy crop and results in huge earnings.These earnings make the sons realize what their father meant.

**The moral of the story: Is hard work always pays off,a dream does not became reality through magic; it takes sweat, determination and hard work.**

ANAMIKA M J (IX B)

# അപ്പുവും കണ്ണനും

അപ്പുവും കണ്ണനും ഒരേ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളാണ് എന്നാൽ കണ്ണൻ വളരെ പാവപ്പെട്ട കുട്ടിയായിരുന്നു ,അതുകൊണ്ട് കണ്ണനോട് അപ്പു മിണ്ടിയിരുന്നില്ല. ഒരു ദിവസം സ്കൂളിൽ വച്ച് കളിക്കുന്ന സമയം കണ്ണൻ അറിയാതെ അപ്പുവിനെ തട്ടി ദേഷ്യം വന്ന അപ്പു കണ്ണനെ തള്ളിയിട്ടു വിവരം അറിഞ്ഞ ടീച്ചർ അപ്പുവിനെയും കണ്ണനെയും വിളിച്ച് കാര്യം തിരക്കി .അപ്പു പറഞ്ഞു ഇവൻ കളിക്കുന്നതിനിടയിൽ എന്നെ തട്ടി ടീച്ചർ അപ്പോൾ ഞാൻ അവനെ തള്ളിയിട്ടു. നീ എന്തിനാ അവനെ തള്ളിയിട്ടത് ?അവൻ അറിയാതെ തട്ടിയതല്ലേ എന്ന് ടീച്ചർ പറഞ്ഞു .അപ്പോൾ അപ്പു പറഞ്ഞു അവന്റെ കയ്യിൽ നല്ല കുപ്പായമോ ചെരുപ്പോ ചോറ്റുപാത്രമോ ഒന്നുമില്ല ടീച്ചർ അവൻ വളരെ പാവപ്പെട്ടവനാണ്. ഇവനെപ്പോലുള്ളവരോട് കൂട്ടുകൂടാൻ എനിക്കിഷ്ടമല്ല അതുകൊണ്ടാണ് അവൻ തട്ടിയപ്പോൾ എനിക്ക് ദേഷ്യം വന്നത് ടീച്ചർ സ്നേഹത്തോടെ അപ്പുവിനെ ചേർത്തു നിർത്തി പറഞ്ഞു മോനെ അപ്പു നാമെല്ലാം മനുഷ്യരാണ് നമ്മൾ പണത്തിന്റെയോ നിറത്തിന്റെയോ ഒന്നിനെയും പേരിൽ ആരെയും കളിയാക്കുകയോ മാറ്റി നിർത്തുകയോ ചെയ്യാൻ പാടില്ല നാമെല്ലാവരും ഒരേ രാജ്യത്ത് ജനിച്ച സഹോദരി സഹോദരന്മാരാണ് അതുകൊണ്ട് ആരോടും ഇനി അങ്ങനെ ഒന്നും ചെയ്യാൻ പാടില്ല അപ്പുവിന് തന്റെ തെറ്റ് മനസ്സിലായി അപ്പു കണ്ണനോട് ക്ഷമ ചോദിച്ചു അങ്ങനെ അവർ രണ്ടുപേരും നല്ല സുഹൃത്തുക്കൾ ആയി.

**Liya Abhi (9B)**

# The Smart One

A farmer has two son. They were lazy .They spent their time for joy. Once there father decided to sent the two sons to different places before they leave the father gave them 3 gold coins for each. He said to his sons to came back after two months.After two months they came back to home. The farmer told them to show the money they have. The elder showed 3 gold coins and the younger showed 6 gold coins. The father told them :"I was testing you two find who is smarter". Then he told to the elder : "It's a good thing that you save the money ,but you don't think to make more money than I give ".Then father said to both " You two have to think smarter every time remember that in your whole life. "

**Alita Mary (VIII A)**

## PENCIL SKETCH

ANGEL THOMAS (9B)



# സൗഹൃദം

എന്നിലെ കുറവുകൾ നികത്തുന്നൊരെൻ സൗഹൃദം
എന്നിലെ കഴിവുകൾ
ഉണർത്തുന്നൊരെൻ സൗഹൃദം
എൻ മനോവ്യഥകൾ നീക്കിടും
എന്നിലെ പുഞ്ചിരി പൂത്തിടും
ഓരോ ദിനത്തിലും എൻ സൗഹൃദ-
തണലിലെത്താൻ ഞാൻ കൊതിച്ചിടും
എൻ അശ്രുധാര തുടച്ചിടും
എന്നിലെ സാന്ത്വനമായി വന്നിടും
എൻ ചുവടൊന്നിടറിയാൽ
താങ്ങായ് വന്നിടും
കുട്ടിക്കുറുമ്പുകൾക്ക് ചേർന്നനിൽക്കും സുഹൃദം
മുൻ ജന്മബന്ധം പോൽ
ഈ ജന്മത്തിലും
കിട്ടീടേണമെൻ ഭാഗ്യ സൗഹൃദം

ആൻ ആമി സജി
IX A

# നിനക്കായ്

നീയില്ലാതെ മറ്റൊന്നുമില്ലെനിക്കിനി

നീ തന്ന ഓർമ്മകൾ മാത്രം

അമ്മയായ് ചേച്ചിയായ് ആത്മമിത്രമായ്

മാറില്ലേ നീയെനിക്കായ്

പിന്നെന്നെ എന്തിനു തനിച്ചാക്കി

ആരുമില്ലാത്ത ലോകത്ത് പോയി നീ

**Alphonsa Mariya Antony (IX A)**



# ഓർമകളിൽ


നല്ല സന്ധ്യാ സമയം..... കടൽ ശാന്തമായുള്ള ലോകത്തേക്ക് ആഴ്ന്നിറങ്ങിയിരുന്നു. സൂര്യൻ കനലിൽ മുങ്ങിയ വട്ടപൊട്ടുകണക്കെ ശോഭയോടെ തിളങ്ങുന്നത് കാണാം. അപ്പോഴാണ് ഞാൻ എന്റെ കഴിഞ്ഞുപ്പോയ കാര്യങ്ങൾ ഓർത്തത്. എന്റെ അച്ഛൻ, അമ്മ, കൊച്ചനുജത്തി ഇവരൊപ്പൊമുള്ള സന്തോഷകരമായ കുടുംബം. അന്ന് തീരപ്രദേശത്തായിരുന്ന ഞങ്ങളുടെ വീട്. കടലൊന്നു ആഞ്ഞടിച്ചാൽ തകരുന്ന തരം വീടാണ്. പക്ഷെ മത്സ്യതോഴിലാളിയായ എന്റെ അച്ഛന്റെയും കടലിന്റെയും ബന്ധം വളരെ ആഴത്തിലാണ്. അങ്ങനെ ഇരിക്കെ ആണ് ആ വലിയ ദുരന്തം ഞങ്ങളുടെ ജീവിതത്തില്ലേക്കു വരുന്നത് 2018 ൽ ഉണ്ടായ ആ മഹാ പ്രളയം എന്റെ അച്ഛനെയും, അമ്മയെയും, കൊച്ചനുജത്തിയെയും കടലമ്മ കൊണ്ടുപോയി എന്നെ മാത്രം വെറുതെ വിട്ടു.

അന്ന് മുതൽ ഞാൻ കടലാമ്മയുടെ അടുത്തേക്ക് ചെല്ലും കടൽ തീരത്തു വീശുന്ന കാറ്റ് എന്നെ കെട്ടിപുണരുന്നതുപോലെ തോന്നും. കടൽ തിരമാല അടിക്കുന്ന ശബ്ദം എന്നോട് സംസാരിക്കുന്നതുപോലെ തോന്നും. ആ മണലിൽ എന്റെ കൊച്ചു അനുജത്തി ഓടി കളിക്കുന്നത് പോലെ തോന്നും എന്റെ വിഷമങ്ങൾ മറക്കുന്ന കടൽ തീരത്തു എന്നും ഞാൻ വരും എപ്പോഴും.

**Gowri Nanditha k. U (8 A)**

# REAL LIFE STUDY- CLASS ROOM ACTIVITY

DITTEENA SHAJI (8A)



# അമ്മേ...

ഉള്ളപ്പോൾ അറിവതില്ലല്ലോ അമ്മേ ഞാൻ നിൻ പ്രാധാന്യം.
നിന്നോളം ആരെന്നെ പുൽകാൻ.
നിന്നോളം ആരെന്നെ കാക്കാൻ.
നിൻ കൈ കുമ്പിളിൽ ഞാൻ ഇരിപ്പൂ ഭദ്രമായി!
മറ്റാർക്കും വിട്ടു കൊടുക്കാതെ നീ എന്നെ സ്നേഹിച്ചു..
ഇന്നോളം ദുഃഖം മാത്രം നൽകിയിട്ടും
നീ എന്തിന് എന്നെ കരുതി..
അമ്മേ എന്തിനു?
ഇനിയും മായാതെ നിൻ സ്നേഹം

**ദിയ ഷിജു (10 A)**



**ADHITYA (9B)**

# The Night

At that night

When the train stopped at the station

I went out of it and look around

Then I saw a girl who was selling baskets

She was alone

After, whenever I go there

I see her ,but several times after I couldn't find her

Where did she gone?

**Alphonsa Mariya Antony (IX A)**

# സൗഹൃദം

ഇന്ന് ഇനി ഓർമ്മകളാണ് ഇവയെല്ലാം
പെട്ടെന്ന് കഴിഞ്ഞത് പോലെ ജീവിത
ത്തിന്റെ ആദ്യ പാതിഘട്ടം.ഒരുമിച്ച് കരഞ്ഞതും
പരിഭ്രവങ്ങൾ പങ്കുവെച്ചതും സന്തോഷങ്ങൾ പങ്കിട്ടതും

ഒരു കുന്ന് ഓർമ്മകൾ നെയ്ത്തു
കൂട്ടിയതും എത്രവിലകൊടുത്താലും
തിരിച്ചു കിട്ടില്ല ഈ പോയനാളുകൾ
ഒരോ കാഴ്ച്ചയും ഒരോ ഓർമ്മയാകുന്നു.

അപ്രീതിക്ഷിതങ്ങളുടെ ഒരു
നട്ടുച്ചയിലാണ് മരച്ചോട്ടിൽ
ഒത്തുകൂടി നമ്മൾ കഥകൾ
പറഞ്ഞത്.
വർണ്ണങ്ങളെക്കാൾ
ചന്തം തോന്നിപ്പിക്കും നമ്മുടെ
സൗഹൃദം.

സൗഹൃദത്തിൻ്റെ ചില്ലയിലാണ്
ഏറ്റവും മനോഹരമായ നിമിഷങ്ങൾ പൂത്തത്.
എന്നോയറിയാവുന്ന നിഴലു
കളാണ് എന്റെ കൂട്ടുകാർ.

പകരമിനി ആയിരം പേർ വന്നാലും
ആയിരത്തിൽ ഒരാൾക്കേ പോലും
പകരമാവാൻ കഴിയാത്ത ചിലർ.
അതാണ്കൂട്ടുകാർ
ഇനി നമ്മൾ പിരിയുന്നു. ഒരു മടക്കയാത്ര ഇല്ലാതെ !.

**Jenu Jackson (X.A)**

# RIVER

River, river little river
Bright you sparkle on your way,
O'er the yellow pebbles dancing,
Through the flowers and Foliage glancing
Like a child at play.

River, river swelling river
On you rush through rough and smooth
Louder, faster, brawling, leaping over rocks,
by rose banks sweeping,
Like impetuous youth.

River, river brimming river
Broad and deep and still as time
Seeming still, yet still in motion
Tending onward to the ocean
Just like mortal prime.

**Annmariya Joseph (IXA)**

# Nature



In the silence of woods, whispers of leaves,

Nature's symphony, a soul's reprieve.

Mountains rise, reaching for the sky,

Rivers dance, reflecting clouds passing by.

Sunset hues paint the canvas of the earth,

A palette of colors, of immeasurable worth.


Birds sing melodies, the wind joins the choir,

In nature's embrace, find peace and inspire.

Dayana James

# പൂച്ച

പൂച്ചചിന്നു പൂച്ച
പമ്മി പ്പമ്മി വന്നു
പാലു കുടിക്കാൻ വന്നു
എന്റെ കുഞ്ഞു ചിന്നു.



# പൂമ്പാറ്റ

പൂമ്പാറ്റ പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
തേൻ കുടിക്കും പൂമ്പാറ്റ കാണാൻ ഭംഗി പൂമ്പാറ്റ

**ദിയ സജി (1A)**

# ആന




ആന നല്ല ആന
കറുത്ത് ഇരുണ്ട ആന
ളുണ് പോലെ കാല്
ചൂല് പോലെ വാല്
മുറം പോലെ ചെവി
നല്ല കൊമ്പനാന

**മിർഷ മൈക്കിൾ**

# മഴ

മഴ മഴ മഴ മഴ മഴ മഴ
നല്ല മഴ
കുട കുട കുട കുട ചെവിയൻ കുട

**സെബിൻ (1A)**

# राष्ट्र भाषा हिंदी

हिंदी हमारा राष्ट्र भाषा है। हिंदी विश्व की एक प्रमुख भाषा है और भारत को एक राज्य भाषा है। यह हिन्दूस्तानी भाषा को एक मानकीकृत रूप है। भारत को सबसे अधिक बोली और समझी जाने वाली भाषा है हिन्दी। एक सरल रूप में समझी जाने वाली भाषा है हिन्दी। हिन्दी और इसकी बोलियां सम्पूर्ण भारत के विविध राज्यों में बोली जाती है। भारत और अन्य देशों में लोग हिन्दी बोलते, पढ़ते और लिखते हैं।

षीना बी



# പൂക്കാലം

തെച്ചിയും റോസയും തുമ്പയും പൂവിട്ട് ചെമ്പരത്തിപ്പൂ ചിരിച്ചു നിന്നു
പിച്ചിയും മുല്ലയും ചേമന്തിയും നിന്നു ഞാനും വരട്ടെ എന്നോതി
നിശാഗന്ധി ളുവെള്ള ചാർത്തി വിടർന്നു നിന്നു
മഞ്ഞയിൽ നീലയും ചുറ്റിയ കോളാമ്പി വേലിക്കരയിലായി കാത്തുനിന്നു
പൂന്തേൻ കുടിച്ചു മതി പൂമ്പാറ്റകൾ
പൂക്കാലം ആയെന്നു വണ്ട് മൂളി

**അഖില പി ആർ (5 ബി)**





# അമ്മയുടെ വേദന

ഒരു തള്ളപ്പൂച്ച.......

അരുമക്കുഞ്ഞിന്

മീന്തുമായി തിടുക്കത്തിൽ ഓടി അണയുന്നു....

പെട്ടന്നവൾ നടുങ്ങുന്നു.....

അലറുന്നു.....

ഓടി അലയുന്നു....

അവളുടെകരച്ചിൽ മനുഷ്യഭാഷയിൽ ഇതായിരിക്കണമെന്ന് എനിക്ക് തോന്നുന്നു

"നിങ്ങളെൻ മകളെ എന്ത് ചെയ്തു?”

John Peter Renold (Class.9A)



# അച്ഛൻ

കാഴ്ചയിൽ കല്ലുപോൽ തോന്നാറുണ്ടെങ്കിലും
അഴകുള്ളകവിതയാണെന്നുമച്ഛൻ
അമ്മ ചൊല്ലിത്തരും കഥകളിൽ നിത്യവും മിഴിവാർന്ന നായകൻ എന്നുമെച്ഛൻ
മിഴിവാർന്ന നായകൻ എന്നുമെച്ഛൻ
അറിയാതെ പ്രതിസന്ധി പുണരുന്ന നേരത്ത് കുലുങ്ങാത്ത കുന്നുപോലുമച്ചൻ
അറിയുംതോറും ഉള്ളിലത്ഭുതം കൂട്ടുന്ന ആഴക്കടലിന്റെ താഴ്ചയച്ഛൻ
ആഴക്കടലിന്റെ താഴ്ചയച്ചൻ
വായിക്കും തോറും ഉള്ളിലാഴ്ന്ന പതിയുന്ന അന്തസ്സുള്ള വരികളാണെന്നും അച്ഛൻ
കർക്കശ മേലാട വാരി അണിയുമ്പോൾ ഏഴഴകും ഉള്ളിലൊളിപ്പിക്കും അച്ഛൻ ഏഴഴക്
ഉള്ളിലൊളിപ്പിക്കും അച്ഛൻ
ചോരയെ നീരാക്കി രാവ് പകലാക്കി ജീവിതത്തോട് എന്നും പൊരുതുമച്ഛൻ വാക്കുകൾ
കൊണ്ട് അളക്കുവാൻ ആകാത്ത മൂന്നക്ഷരമുള്ള ലോകം അച്ഛൻ
മൂന്ന് അക്ഷരമുള്ള ലോകം അച്ഛൻ
മുൾപാതയിൽ പാദമൂന്നിനടന്ന് ആദ്യം മൂർച്ച വഴിയിൽ കുറച്ചും തനിയെ നടക്കുമ്പോൾ
കാലിടറി വീഴുമ്പോൾ കൈതന്നെന്നെ ഉയർത്തിയത് അച്ഛൻ കൈതന്നെന്നെ
ഉയർത്തിയത് അച്ഛൻ
നോക്കിലും വാക്കിലും കാഠിന്യമുണ്ടേലും
കരളിൽ കനിയുന്ന കനിവാണച്ഛൻ
മൊഴികൾ കുറച്ചാലും എൻ മിഴികൾ തുളുമ്പുമ്പോൾ കഴിക്കാതെ നെഞ്ചോട് ചേർക്കുമച്ഛൻ
കഴിക്കാതെ നെഞ്ചോട് ചേർക്കുമച്ഛൻ
കണക്കുകൾ നോക്കാതെ ലാഭേച്ഛ ഇല്ലാതെ കാര്യങ്ങൾ നടത്താറുണ്ടച്ഛൻ
കണക്കു പിഴയ്ക്കുമ്പോൾ മൗനം വ്രതമാക്കി കരളിലെ നോവുമറയ്ക്കു അച്ഛൻ
കരളിലെ നോമ്പ് മറക്കും അച്ഛൻ
ദൂതനായ അമ്മയെ കൂട്ടുപിടിക്കുമ്പോൾ ദൂരെയില്ലാതെ ഉള്ളിൽ ചിരിക്കുമച്ഛൻ പിടിവാശി
കാട്ടുമ്പോൾ ചൂരൽ പിട തന്ന് പിടയുന്ന നെഞ്ച് തിരുമ്മുമച്ഛൻ
പിടയുന്ന നെഞ്ച് തിരുമ്മുമച്ഛൻ
വീട്ടിൽ വിളക്ക് അമ്മയ്ക്ക് തിരിയായി കെടാതെ എരിഞ്ഞു ഊർജ്ജമായ വെയിൽ കൊള്ളും
ഇലയായും നീരുറ്റവേരായും തണലായ് നിന്നോട്ടിയതെന്നും അച്ഛൻ
തണലായി നിന്നൂട്ടിയത് എന്നുമച്ചൻ
ഒരു ദിനത്തിൽ മാത്രം ഒതുങ്ങാതിരിക്കട്ടെ ഒരായിരം വാക്കിന് അകമ്പടി കൊണ്ട്
ഒന്നല്ല ഒരായിരം ജന്മങ്ങൾ കൊണ്ടോ പകരം വെക്കാനില്ലാത്ത ഈ പുണ്യ സ്നേഹം പകരം
വെക്കാനില്ലാത്ത ഈ പുണ്യം സ്നേഹം
കാഴ്ചയിൽ കല്ലുപോലെ തോന്നാറുണ്ട് എങ്കിലും അഴകുള്ള കവിതയാണെന്നും അച്ഛൻ
അഴകുള്ള കവിതയാണെന്നും അച്ഛൻ

ജെന്നിഫർ കെ എ (5 ബി)

# കുഞ്ഞു മൈന

സൂര്യന്റെ മുഖം ചുവന്ന നേരം ഒരുപാടായി. അമ്മക്കിളിയെ കാണാതെ കുഞ്ഞുകിളികൾ ബഹളം കൂട്ടി എന്താ അമ്മ വരാത്തത് വിശന്നിട്ടു വയ്യ ഓരോ കിളി കുഞ്ഞും ഇതുതന്നെ പറഞ്ഞുകൊണ്ടിരുന്നു ദൂരെ ആകാശത്ത് ഒരു കിളിക്കൂട്ടം പറന്നു പറന്നു വരുന്നത് കുഞ്ഞുകിളികൾ കണ്ടു.

"ഹായ് അമ്മയെത്തി"... കിളികുഞ്ഞുങ്ങൾ ബഹളം കൂട്ടി മൈനക്കുഞ്ഞ് കരഞ്ഞ് കരഞ്ഞ് തളരാൻ ആയിട്ടുണ്ട് അവൾ അങ്ങനെയാണ് അമ്മക്കിളിവരാൻ വൈകിയാൽ ചെയ്യുന്നത്

അമ്മക്കിളി വന്നയുടനെ കുഞ്ഞു മൈനയെ ചിറകു കൊണ്ട് ചേർത്തുപിടിച്ചു അമ്മക്കിളിയുടെ കൊക്കിലെ പടുത്ത അത്തി പഴം കണ്ടു അവൾ കൊക്ക് തുറന്നു അപ്പോഴാണ് മുകളിലത്തെ കൂട്ടിൽ നിന്ന് രണ്ട് കുഞ്ഞി കിളികളുടെ ഉറക്കെയുള്ള കരച്ചിൽ കേട്ടത് വിശന്നിട്ടാവും

ആകുഞ്ഞുങ്ങളുടെ അമ്മക്കിളി ഇനി വരില്ല കണ്ടൻപൂച്ച അവളെ പിടിച്ചു തിന്നുന്നത് എല്ലാവരും കണ്ടു ഇതെല്ലാം കുഞ്ഞു മൈനയോട് അമ്മക്കിളി പറഞ്ഞു

അമ്മേ അമ്മേ എന്റെ അത്തിപ്പഴം അവർക്കു കൊടുത്തോളൂ കുഞ്ഞു മൈന പറയുന്നത് കേട്ടു അമ്മക്കിളി അവളുടെ നെറ്റിയിൽ കുറയെ ഉമ്മ കൊടുത്തു

**Akhila P R (5B)**

കഥ

# ജോസും ബാബുവും

ഒരിടത്ത് ഒരിടത്ത് ജോസും ബാബുവും എന്ന് രണ്ട് കൂട്ടുകാർ ഉണ്ടായിരുന്നു ജോസും ബാബുവും ഒരേ സ്കൂളിലാണ് പഠിക്കുന്നത് ഒരു ദിവസം സ്കൂൾ വിട്ടു വരുന്ന വഴിക്ക് ശക്തമായ മഴ പെയ്തു. മഴ തോരുന്നതു വരെ ഒരു കടയിൽ കയറി നിന്നു. കടക്കാരൻ കാണാതെ കടയിൽ നിന്നും രണ്ടു മിട്ടായി എടുത്തു മഴ തീർന്നപ്പോൾ ജോസും ബാബുവും വീട്ടിലേക്ക് പോയി.

ജോസ് ചെന്നപ്പോൾ മിഠായി എടുത്തു കാണിച്ചു. അമ്മ ഒന്നും പറഞ്ഞില്ല ജോസ് മിട്ടായി തിന്നു. ബാബു മിട്ടായി എടുത്ത് അമ്മയെ കാണിച്ചപ്പോൾ അമ്മ ചോദിച്ചു മിഠായി ആരു തന്നു എന്ന് അമ്മേ ഞാൻ കടക്കാരൻ കാണാതെ കടയിൽ നിന്ന് എടുത്തതാണ് എന്ന് പറഞ്ഞു. നീ ഈ മിട്ടായി തിന്നരുത് എടുത്ത കടയിൽ തന്നെ തിരിച്ചു വയ്ക്കുക പിറ്റേദിവസം സ്കൂളിൽ പോയപ്പോൾ ബാബു കടയിലെ മിട്ടായി കുപ്പിയിൽ മിട്ടായി തിരിച്ചിട്ടു ജോസ് കുപ്പിയിൽ നിന്ന് മിഠായി എടുത്തപ്പോൾ ബാബു പറഞ്ഞ മിഠായി മോഷ്ടിക്കുന്നത് തെറ്റാണെന്ന് അമ്മ പറഞ്ഞു എൻറെ അമ്മ ഒന്നും പറഞ്ഞില്ല ഒന്നും ചോദിച്ചില്ല മിഠായി കഴിച്ചോളാം എന്ന് പറഞ്ഞു. ജോസ് എങ്ങനെ തെറ്റുകൾ ചെയ്തു കൊണ്ടേയിരുന്നു പോലീസ് പിടിച്ചു തൂക്കിക്കൊല്ലാൻ വിധിച്ചു അവസാനത്തെ ആഗ്രഹം അമ്മയെ കാണണം എന്നായിരുന്നു.

അമ്മ വന്നപ്പോൾ ജോസ് അമ്മയോട് ചോദിച്ചു അമ്മേ അന്ന് ഒരു മിട്ടായി കൊണ്ടുവന്നപ്പോൾ അതെവിടെ നിന്നാണ് എന്ന് ചോദിച്ചിരുന്നെങ്കിൽ ഞാൻ ഇത്രയും വലിയ മോഷ്ടാവായി തീരുമായിരുന്നോ . അമ്മേ എൻറെ അടുത്ത് ജോസ് അമ്മയെ അടുത്ത് വിളിച്ച് അമ്മയുടെ ഇടത്തെ ചെവി കടിച്ചു പറിച്ചു.

**അഖില പി ആർ (5 ബി)**

# പറവ

ഒരിക്കൽ ഒരുരാത്രിയിൽ
വീടിന്റെ പിന്നാമ്പുറത്ത് ഇരിക്കവേ
തെങ്ങിൻ തടത്തിലെ
ഓലകൾക്കിടയിൽ ഒരനക്കം കേട്ടു
അതൊരു പാമ്പാണെന്നോർക്കവേ
ഒരു പക്ഷി പറന്നു പോയി
കോളേജിൽ പഠിക്കവേ
ജോസ് സാർ പഠിപ്പിച്ച
പരിണാമസിദ്ധാന്തം
ഓർത്തു പോയ്
ഉരഗത്തിൽ നിന്നാണല്ലോ പറവകൾ ജനിക്കുന്നത്
ഞാനൊരു ഉരഗമല്ല പറവയാണ്.

**ബോസ് സർ**



# കൊച്ചു പൂമ്പാറ്റയും ചെമ്പരത്തി പൂവും.

പണ്ട് പണ്ടൊരു കൊച്ചു പൂമ്പാറ്റ ചുവന്ന ഉടുത്ത സുന്ദരിയായ ഒരു ചെമ്പരത്തി പൂവിനെ കണ്ടുമുട്ടി ഹായ് ചന്തമുള്ള പൂവ് കൊച്ചു പൂമ്പാറ്റ ഉറക്കെ വിളിച്ചുപറഞ്ഞു അതു കേട്ടപ്പോൾ ചെമ്പരത്തി പൂവിനെ വളരെ സന്തോഷമായി കൊച്ചു പൂമ്പാറ്റ ചെമ്പരത്തി പൂവിനോട് പറഞ്ഞു സുന്ദരി പൂവേ ചുവന്ന പൂവേ നമുക്ക് ചങ്ങാതിമാരാകാം അപ്പോൾ ചെമ്പരത്തി പൂവ് തലയാട്ടികൊണ്ട് കൊണ്ട് പറഞ്ഞു അതെ അതെ കൊച്ചു പൂമ്പാറ്റ നമുക്ക് ചങ്ങാതിമാരാകാം ഇന്നുമുതൽ നമ്മൾ ചങ്ങാതിമാരാണ് കൊച്ചു പൂമ്പാറ്റ ചെമ്പരത്തിപ്പൂവിന്റെ ഇതളുകൾ ഒന്ന് എണ്ണി നോക്കി ഒന്ന് രണ്ട് മൂന്ന് നാല് അഞ്ച്... അഞ്ച് ഇതളുകൾ ഹയ്യടാ കൊച്ചു പൂമ്പാറ്റ സന്തോഷത്തിൽ ചാടി ചുവന്ന ഉടുത്ത സുന്ദരി ചെമ്പരത്തി അഞ്ചിതൾ ഉള്ള ഒരു മൊഞ്ചത്തി അപ്പോൾ ചെമ്പരത്തിപ്പൂവ് പറഞ്ഞു കൊച്ചു പൂമ്പാറ്റെ സുന്ദരി പൂ മ്പറ്റെ ഞാനൊരു സൂന്ദരി ആണെങ്കിൽ നീയും ഒരു സുന്ദരി ആണ് നിന്നെ കാണാൻ നല്ല ചന്തമുണ്ട് അങ്ങനെ രണ്ടുപേരും അതും ഇതും പറഞ്ഞു നേരം പോയി നാട്ടുച്ചയായി ഉച്ച വെയിലെറ്റപ്പോൾ ചെമ്പരത്തി പൂവ് പറഞ്ഞു കൊച്ചു പൂമ്പാറ്റെ സുന്ദരി പൂമ്പാറ്റെ നേരം ഉച്ച ആയി നിന്റെ കുഞ്ഞു ചിറകുകൾ വെയിലേറ്റ് തള്ളരേണ്ട നീ നിന്റെ വീട്ടിൽ പൊയ്ക്കോളൂ നമ്മുക്ക് പിന്നെ കാണാം കൊച്ചു പൂമ്പാറ്റ മനസില്ല മനസോടെ വീട്ടിലേക്കു മടങ്ങി അന്ന് രാത്രി മുഴുവൻ കൊച്ചു പൂമ്പാറ്റ ചെമ്പരത്തി പൂവിനെ പറ്റി ആലോചിച്ച് കിടന്നു അതിരാവിലെ കൊച്ചു പൂമ്പാറ്റ ചെമ്പരത്തി പൂവിനെ കാണുവാൻ പോയി പക്ഷെ അവിടെ ചെമ്പരത്തി പൂവ് ഇല്ലായിരുന്നു അപ്പോൾ കൊച്ചു പൂമ്പാറ്റ കരയാൻ തുടങ്ങി അപ്പോൾ അതിലെ വന്ന കുഞ്ഞണ്ണാൻ പറഞ്ഞു കൊച്ചു പൂമ്പാറ്റേ ചെമ്പരത്തിപ്പൂവിന് ഒരു ദിവസമേ ആയിസുള്ളൂ അത് കേട്ടപ്പോൾ കൊച്ചു പൂമ്പാറ്റയ്ക്ക് വളരെ സങ്കടമായി.

By. Beema
Class. 8B

# കഥ

മഞ്ചാടി മനക്കലെ ആന പാപ്പൻ ആയിരുന്ന നാണക്കുട്ടി . ആനക്കൂട്ടിൽ പിറന്ന ആനപ്പുറത്ത് നടന്ന, ആനക്കട്ടിലിൽ ഉറങ്ങി, ആനക്കൂട്ടിൽ വളർന്ന, വമ്പൻമാരായ പാപ്പന്മാരുടെ കുലത്തിലെ അവസാന കണ്ണിയായിരുന്ന നാണ കുട്ടി ഒരു ദിവസം നാണിക്കുട്ടിക്ക് ഒരാശ തോന്നി ആടിനെ വാങ്ങണം മോഹത്തിൽ നിലയറ്റ നാണ കുട്ടി രണ്ടും കൽപ്പിച്ച്, മഞ്ചാടി മനക്കലെ വലിയ തിരുമേനിയുടെ മുമ്പിൽ ചെന്ന് സ്വയം ഞെളിഞ്ഞു നിന്നു. ലേശം നാണത്തോടെ അടിയറവ് വച്ച് ഉണർത്തിച്ചു. തിരുമേനി ഇനി പാർവതി കുട്ടിക്ക് മറ്റൊരു പാപ്പനെ വയ്ക്കണം. ഞാൻ പോകുകയാണ്. തിരുമേനി കഥ അറിയാതെ മിഴിച്ചു നിന്നു നീ എന്തിനുള്ള പുറപ്പാടാണ്? ഞാൻ ഒരു ആടിനെ വാങ്ങി വളർത്താൻ പോകുന്നു

"എന്തായി കേൾക്കുന്നേ?" ആടിനെയോ നീയോ? അതെ .നാണ കുട്ടി തിരികെ വീട്ടിലേക്ക് പോയി. നാണിക്കുട്ടിയുടെ ആശ ഒരു അത്ഭുതമായി നാട്ടിൽ ആകെ പടർന്നു. അങ്ങാടിയിൽ വച്ച് കാര്യസ്ഥൻ കേശു നായർ ഇമ വെട്ടാതെ ചോദിച്ചു എന്തോന്നാണ് കുട്ടി പുറപ്പാട് .കറുത്ത മൃഗത്തെ മേയിച്ച് മടുത്തിട്ടാണോ ആശാനേ, വെളുത്ത മൃഗത്തെ  മേയ്ക്കുന്നത് . വെളുത്ത മൃഗത്തെ മേയിച്ച് മരിക്കണമെന്നാണ് എന്റെ പൂതി. ഐരാവതം ഭൂമിയിൽ അല്ലല്ലോ? പിറ്റേന്ന് കിഴക്കേ സൂര്യൻറെ ആലവട്ടം പൊന്തുമ്പോൾ നാണ കുട്ടി ഒരു വെള്ള ആടിനെ വാങ്ങി വളർത്താൻ തുടങ്ങി അങ്ങനെ ആനപ്പാപ്പാൻ ആട്ടിടയനായി മാറി.

By Aleena M.M (9B)